"ഏതു് മനുഷ്യനേയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിനു്" (കൊലൊസ്സ്യർ 1: 28)

# ഉദയ നക്ഷത്രം

വാല്യം 12 1981 സെപ്റ്റംബർ ലക്കം 12

പത്രാധിപലേഖനം

## യോഹന്നാൻ സ്നാപകൻ മടങ്ങിവരട്ടെ

യോഹന്നാൻ 1:6. ദൈവം അയച്ചിട്ടു ഒരു മനുഷ്യൻ വന്നു. അവനു യോഹന്നാൻ എന്നു് പേർ.

പഴയനിയമത്തിന്റെ അന്ത്യ ഭാഗത്തു് മലാഖി പ്രവാചകൻ കർത്താവിന്റെ സംഹാര ശപഥത്തെ അഥവാ വരുവാനുള്ള കോപത്തെ മുന്നറിയിച്ചുകൊണ്ടു് പ്രവചിക്കവെ ഒരു നിരപ്പിന്റെ അനുഭവം ആവശ്യമാണെന്നും അതിനായി ഏലിയാവിന്റെ ആത്മവീര്യമുള്ള ഒരു പുരുഷൻ അയയ്ക്കപ്പെടുമെന്നും ഉൽഘോഷിക്കയുണ്ടായി. തന്റെ പ്രവചനം കഴിഞ്ഞു് 400 വർഷങ്ങൾക്കപ്പുറം ആ പുരുഷൻ ചരിത്രത്തിൽ ഉദിച്ചു. അദ്ദേഹമാണു് യോഹന്നാൻ സ്നാപകൻ.

പഴയനിയമത്തിൽ ഏലിയാവു് പ്രത്യക്ഷപ്പെടുന്നതായി നാം കാണുന്നു. പ്രവാചക നിരയിൽ തികച്ചും പ്രത്യേകത കാണിക്കുന്ന മഹാ,കർക്കശനായ ഒരുവൻ. കരയുന്ന യിരെമ്യാവിനെപ്പോലെയല്ല അനീതിക്കെതിരെ ദൈവകോപത്തിന്റെ ഇടി മുഴക്കുന്ന വിട്ടുവീഴ്ചയില്ലാത്ത ഒരു മഹാവീരൻ. അതേ അദ്ദേഹമാണു് തിശ്ബ്യനായ ഏലിയാവു്. അക്കാലത്തു ഇങ്ങനെ ഒരാൾ വേണ്ടിയിരുന്നുവോ? തീർച്ചയായും. യിസ്രായേൽ സഭ വെറും യിസ്രയേൽ ജാതിയായി അധഃപതിച്ചു. ബാലിനെയും യഹോവയെയും ഒന്നിച്ചു ഭജിക്കുന്ന ഭയങ്കര പതനത്തിൽ അവരെത്തിച്ചേർന്നു. ദുർമ്മാർഗ്ഗവും വിഗ്രഹസേവയും ഊട്ടിവളർത്തുന്ന ആഹാബും ഇസബേലും അവരെ അമ്പേ വഴിതെറ്റിച്ചു. നാനൂറ്റിയമ്പതു പ്രവാചകന്മാർ ബാലിനു വേണ്ടി എഴുന്നേറ്റാൽ ഏലിയാവു മാത്രം യഹോവയ്ക്കായി നില്ക്കുന്നു. എന്തൊരു വിശ്വാസപാതകം. എത്ര

ഭയങ്കരമായ ഒരു പതനം. ഇങ്ങനെയുള്ള സന്ദർഭങ്ങൾ ചരിത്രത്തിൽ ആവർത്തിച്ചവരാം. ആവശ്യത്തിന്റെ ഗൗരവമനുസരിച്ച് അതിനു തക്ക ആയുധങ്ങളെ ദൈവവും ഒരുക്കും. നാടു വാഴുന്ന രാജ ദമ്പതികളെ ദൈവനാമത്തിൽ പുൽക്കൊടി പോലെ കണക്കാക്കി ദൈവ ശിക്ഷയുടെ കാഹളം ഊതുന്ന ഏലിയാവ് അക്കാലത്തിന്റെ പേടി സ്വപ്നമായിരുന്നു. അവന്റെ വാക്കുകളെല്ലാം നിറവേറി. ആഹാബിന്റെ രക്തം നായ്ക്കൾ നക്കുന്നതും ഇസ്സബേലിന്റെ ശരീരാവശിഷ്ടങ്ങൾ അവ പങ്കിട്ടെടുക്കുന്നതും നിറവേറിക്കണ്ടപ്പോൾ യിസ്രായേൽ ജനം നടുങ്ങി.

അതേ [illegible]ത്താവിന്റെ ജനനത്തിനു മുമ്പു ഇതാ മറ്റൊരു മഹാ പിന്മാറക്കാലം വന്നിരിക്കുന്നു. യിസ്രായേലിൽ പ്രവാചക സ്വരം കേൾപ്പാനില്ല. സഭ മതമായി തീർന്നു. കർമ്മബാഹുല്യം പെരുകി. പൗരോഹിത്യ മേധാവിത്വം ചെങ്കോൽ പിടിച്ചു വാണു. അനുതാപമില്ലാതെ, ദൈവ ബോധമില്ലാതെ ജനം ഉണങ്ങി വരണ്ട അവസ്ഥയിലായി. അതേ ഞാൻ ഇതെഴുതുന്ന സമയത്ത് സ്ഥിതി എത്രയോ വഷളായിരിക്കയാണ്. ക്രിസ്തുവിന്റെ മാർഗ്ഗം ഭൗതിക ശക്തിയായി തരം താണു കാണുവാൻ കസ്തന്തീനോസ്സിന്റെ കാലം മുതൽ സാത്താൻ അഭിലഷിച്ചതു് ഇന്ന് എത്രയോ സഫലമായിക്കഴിഞ്ഞു. സഭകൾക്ക് മനോഹര മന്ദിരങ്ങൾ, മനംമയക്കുന്ന വസ്ത്രങ്ങൾ, വിലപിടിപ്പുള്ള ഉപകരണങ്ങൾ, വാടകക്കെട്ടിടങ്ങൾ, റബ്ബർ തോട്ടങ്ങൾ എന്നു വേണ്ട ഞാൻ ധനവാൻ സമ്പന്നനായിരിക്കുന്നു ഒന്നിനും മുട്ടില്ല എന്നു മന്ത്രിക്കുന്ന അന്ത്യകാല ലവോദിക്യാ സഭ ഇതാ രംഗപ്രവേശം ചെയ്തിരിക്കുന്നു. ആത്മാക്കൾ നശിക്കുന്നു. ദൈവ പ്രമാണങ്ങൾ വലിച്ചെറിയപ്പെടുന്നു. പാപത്തോടു പാപം കൂട്ടുന്നു. ഹാ ഇതിങ്കൽ നാം ബോധശൂന്യരാകയോ?

ഏലിയാവ് തന്റെ തലമുറയിൽ നിവർത്തിച്ചതരത്തിലുള്ള ശുശ്രൂഷയാണ് തന്റെ തലമുറയിൽ യോഹന്നാൻ സ്നാപകനും ഏറ്റെടുത്തത്. വലിയ പ്രതിബന്ധങ്ങളെ വെട്ടി നീക്കുവാൻ ദൈവം ഒരു കോടാലി ഒരുക്കുമ്പോൾ അതു പല മടങ്ങ് മൂർച്ച കൂട്ടി താൻ ഒരുക്കിയെടുക്കാറുണ്ട്. നാല്പതു വർഷം മരുഭൂമിയിൽ ശുശ്രൂഷ ചെയ്യേണ്ട മോശ അതിനായി പിറകിൽ എൺപതു വർഷം അഗ്നി പരീക്ഷണങ്ങളിൽ കൂടി കടക്കേണ്ടിയിരുന്നു. ഫെലിസ്ത്യരെ തകർക്കേണ്ട ശിംശോന്റെ ജനനത്തിനു മുമ്പുതന്നെ അവന്റെ അമ്മ വ്രതസ്ഥ ആകേണ്ടിയിരുന്നു. കനത്ത വില കൊടുക്കാതെ ഒരു മഹാ വിജയം സാദ്ധ്യമല്ല.

ഇനി യോഹന്നാനെ ശ്രദ്ധിക്കാം. മക്കളില്ലാത്ത ഒരു പുരോഹിത ഭവനം. അവിടെ നീതിനിഷ്ഠരായ വൃദ്ധദമ്പതികൾ. ഒരു പൈതലിനു വേണ്ടി രാപ്പകൽ അപേക്ഷിക്കുന്നു. അതേ പ്രാർത്ഥനയുടെ സന്താനമാണ് ഉണ്ടാകേണ്ടതു്. അതു് അനുഭവിക്കാൻ പോകുന്നു. നെടുനാളത്തെ നെടുവീർപ്പുകളുടെയും അഭയ യാചനകളുടെയും മറുപടിയായി ധൂപപീഠത്തിന്റെ വലത്തു ഭാഗത്തു് പൈതലിന്റെ ജനനവാർത്തയുമായി വെളിപ്പെടുന്ന ദൂതനെ കണ്ടു് സഖര്യാ പുരോഹിതൻ ഞെട്ടി. പൈതലിന്റെ നാമം പോലും സ്വർഗ്ഗം നിർദ്ദേശിച്ചു. അവന്റെ ശുശ്രൂഷ എന്തായിരിക്കണമെന്നു് സ്വർഗ്ഗം മുൻകുറിച്ചു. അതേ ദൈവം ഒരുക്കി വിടുന്ന വ്യക്തിയുടെ വിശദാംശങ്ങൾ പോലും സ്വർഗ്ഗത്തിന്റെ നിയന്ത്രണത്തിലാണ്. വാർദ്ധക്യ വേളയിൽ സകലർക്കും അത്ഭുതം വിതറിക്കൊണ്ടു് ലഭിച്ച പൈതലിനെ നോക്കി സഖര്യാവ് പറഞ്ഞ വാക്കുകൾ ഇന്ന് ഏതു ക്രിസ്തീയ പിതാവിനു് ഉച്ചരിപ്പാൻ കഴിയും. രാജ്യവും ശക്തിയും മഹത്വവും ഒട്ടും മിച്ചം വയ്ക്കാതെ മുഴുവൻ ദൈവത്തിനു വിട്ടുകൊടുക്കുന്ന മഹാമനസ്കർ പത്തു മക്കളുണ്ടെങ്കിൽ പത്തിനെയും പണം വാരാൻ പല വഴി പറഞ്ഞയയ്ക്കുന്ന പരാക്രമമല്ലേ ഇന്നു ക്രിസ്തീയ ഗോളത്തിൽ കാണുന്നതു്. ദൈവ വേലയ്ക്കായി മക്കളെ ചോദിച്ചു വാങ്ങിക്കുന്ന പാരമ്പര്യം മിക്കവാറും മറന്നു കഴിഞ്ഞിരിക്കയാണ്. സഖര്യാവാകട്ടെ വാർദ്ധക്യത്തിൽ തനിക്കു് താങ്ങും തുണയും ആയിരിക്കേണ്ട പൈതലിനെ നോക്കി പാടുകയാണ്. നീയോ പൈതലേ അത്യുന്നതന്റെ പ്രവാചകൻ എന്നു് വിളിക്കപ്പെടുമെന്നു്. നോക്കുക ത

ന്റെ മകൻ ലോകത്തിൽ മറ്റാരായി തീരുന്നതിനേക്കാളും കർത്താവിന്റെ സന്നിധിയിൽ വലിയവനായി, ഹൃദയങ്ങളെ നിറപ്പിക്കുന്നവനായി, ജനത്തെ ഒരുക്കുന്നവനായി കാണപ്പെടുന്നതിലാണു് ആ വൃദ്ധ ഹൃദയത്തിന്റെ ആനന്ദം. യിസ്രായേലിന്റെ ആത്മീയ നവോത്ഥാനം ഒരാവേശമായി കരുതി പ്രാർത്ഥിക്കുന്ന ഏലിസബേത്തു് സഖര്യാ ദമ്പതികൾ ഉണ്ടാകട്ടെ. പിന്നാലെ യോഹന്നാൻ സ്നാപകന്മാർ ജനിച്ചുകൊള്ളും.

ലൂക്കോസ് 3-ാം അദ്ധ്യായത്തിൽ ഹന്നാസും കയ്യാഫാസും മഹാപുരോഹിതന്മാരായിരിക്കുമ്പോൾ യോഹന്നാനു മരുഭൂമിയിൽ അരുളപ്പാടു ലഭിച്ചതായി കാണുന്നു. യേശുവിനെപ്പോലെ യോഹന്നാനുമുണ്ടു് ഒരജ്ഞാത കാലം. പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും ഒരുക്കനാൾ പൂർത്തിയായപ്പോൾ യിസ്രായേലിനു തന്നത്താൻ കാണിക്കേണ്ടതിനു് അവൻ വെളിപ്പെട്ടു വന്നു. ദേവാലയത്തിലേക്കു് പൊയ്ക്കൊണ്ടിരുന്ന, അല്ല ദേവാലയത്തിൽ പോലും പോകാതിരുന്ന ആയിരമായിരങ്ങൾ ഇതാ മരുഭൂമിയിലേക്കു് ഒരജ്ഞാത ശക്തിയുടെ ആഹ്വാനത്താലെന്നോണം നിരനിരയായി നീങ്ങുന്നു. അവിടെ ദൈവത്താലയയ്ക്കപ്പെട്ട ഒരു പുരുഷൻ നിലകൊള്ളുന്നു. ഇന്നും ഇതൊരു വാസ്തവം തന്നെ. പരിതസ്ഥിതികൾ എത്ര തന്നെ വിപരീതവും സങ്കീർണ്ണവുമായിക്കൊള്ളട്ടെ. ദൈവമാണു് ഒരുവനെ അയച്ചതെങ്കിൽ ശൂന്യ മരുഭൂമിയിൽത്തന്നെ അവൻ അത്ഭുതങ്ങൾ പടുത്തുയർത്തും. ദൈവത്താൽ നിയുക്തനായ മോശ യിസ്രായേലിനെ ഊഷര മരുഭൂമിയിൽ കൂടെ നാല്പതു വർഷം സമൃദ്ധിയിൽ നയിച്ചതു് മകുടോദാഹരണമല്ലേ. വീരനായ ഏലിയാവു് മരുഭൂമിയിൽ നീർപ്പൊയ്കയിൽ നിന്നു കുടിച്ചു് മലങ്കാക്കയുടെ സംഭാവനയും സ്വീകരിച്ചു് സംതൃപ്തനായിരിക്കുന്നതു കാണുക. ദൈവത്തിനു് സമ്പൂർണ്ണ ശൂന്യതയിൽ പ്രവർത്തിപ്പാൻ കഴിയും. അല്ല അവിടെയാണല്ലോ ദൈവ കൃപ തെളിയിക്കപ്പെടേണ്ടതും.

എല്ലാവിധത്തിലും വ്യത്യസ്ഥവും പ്രത്യേകവുമാണു് യോഹന്നാന്റെ ശുശ്രൂഷ. അതിന്റെ കാരണം മറ്റൊന്നുമല്ല ശുശ്രൂഷക്കാരൻ തന്നെ തികച്ചും വ്യത്യസ്ഥനാണു്. വൃക്ഷം കൂടാതെ ഫലം പ്രതീക്ഷിക്കേണ്ടതില്ല. വലിയ ശുശ്രൂഷ വെളിപ്പെടണമെങ്കിൽ വലിയ വ്യക്തിത്വങ്ങൾ ഉണ്ടാവണം. വലിയ എന്നു് വിവക്ഷിച്ചതു് ഗോലിയാത്തിനേപ്പോലെയുള്ള വലിപ്പമല്ല, കയ്യാഫാസിനെപ്പോലെ ഇട്ടുകെട്ടി അംശവസ്ത്ര വിഭൂഷിതനായി ഞെളിഞ്ഞിരിക്കുന്നതല്ല, കുറെ ഭൗതിക വിജ്ഞാന ശകലങ്ങൾ നേടി ലോകം കൊടുക്കുന്ന കുറെ ബിരുദാക്ഷരങ്ങൾ പേരിന്റെ പുറകെ വെച്ചുകെട്ടുന്നതല്ല, ഈ നശ്വര ലോകത്തിന്റെ യാതൊരു സംഭാവനയുമല്ല ദൈവമുമ്പിൽ പവിത്രമായ ഹൃദയഭാവത്തോടും സത്യസന്ധമായ ലക്ഷ്യബോധത്തോടും ഒരുക്കപ്പെടുന്ന ഒരവസ്ഥ മാത്രമാണതു്. ദൈവത്തിന്റെ കരത്തിൽ എത്താത്ത ഒരു പൊൻപാത്രത്തിലല്ല തന്റെ കരങ്ങളിൽ സമർപ്പിതമായ ഒരു മൺപാത്രത്തിലത്രേ തന്റെ മഹത്വം താൻ പകർന്നു വയ്ക്കുന്നതു്.

തുടർന്നു് നമുക്കു് യോഹന്നാന്റെ ആളത്വത്തെ വീക്ഷിക്കാം. പ്രസംഗശാസ്ത്രം (Homiletics) അനുസരിച്ചു് യോഹന്നാനെ സ്റ്റേജിൽ നിറുത്തിയാൽ പാസ്സ് മാർക്കു പോലും കിട്ടുകയില്ല. പ്രശ്നം വേഷം—ഏലിയാവിനെപ്പോലെ തന്നെ. തന്റെ അപ്പൻ പൗരോഹിത്യ വസ്ത്രമണിഞ്ഞിരുന്നു. അതിന്റെ പിൻതുടർച്ച വലിച്ചെറിഞ്ഞുകൊണ്ടു് താനിതാ ഒട്ടകരോമത്താൽ വിരചിതമായ പരുക്കൻ വസ്ത്രം ചാർത്തി തോൽവാറു ധരിച്ചു് നിൽക്കുന്നു. പുരോഹിതസ്ഥാനികൾ മേശ കഴിക്കുമ്പോൾ യോഹന്നാൻ കാട്ടുകിഴങ്ങും കാട്ടുതേനും ആഹരിക്കുന്നു. ഒന്നിനും ആർക്കും താൻ ഭാരമായിരിക്കുന്നില്ല. ഒന്നിനും ആരോടും താൻ കടപ്പെട്ടിരിക്കുന്നുമില്ല. യോഹന്നാനു് വലിയ ലൈബ്രറിയില്ല. സ്വീകരണമുറിയില്ല. ശാസ്ത്രീയ ജീവനോപാധികളൊന്നും തന്നെയില്ല. കയ്യാഫാസ് അരമനയിൽ പാർക്കുമ്പോൾ യോഹന്നാൻ ഗുഹയിൽ വസിക്കുന്നു. അക്ഷരാർത്ഥത്തിലല്ലെങ്കിലും നശിക്കുന്ന ജനത്തിൽനിന്നു് അകലം പാലിച്ചു് ജീവിക്കാത്ത ഒരു ശുശ്രൂഷകനു് തലമുറയെ രക്ഷിച്ചെടുപ്പാൻ സാദ്ധ്യമല്ലെന്നുള്ളതു് ഒരു ഗർജ്ജിക്കുന്ന സത്യമാണു്.

യോഹന്നാന്റെ വാക്കുകൾ ശ്രദ്ധിക്കുക: കർത്താവിലനുഗ്രഹിക്കപ്പെട്ടവരേ! വിശ്വാസികളുടെ സമൂഹമേ—മഹതീമഹന്മാരേ! എന്നിങ്ങനെ ശാസ്ത്രം പഠിച്ച പ്രസംഗകർ സംബോധന ചെയ്യുമ്പോൾ പ്രശ്നത്തെ മുഖവിലയിൽ കാണുന്ന യോഹന്നാൻ ജനതതിയെ വിളിക്കുന്നത് സർപ്പസന്തതികളേ എന്നത്രേ. വെറും ഭത്സന വാക്കുകളല്ല ആത്മാവിൽ സ്ഫുടം ചെയ്തെടുത്ത സാങ്കേതിക പദങ്ങളത്രേ താൻ ഉച്ചരിച്ചത്. അബ്രഹാം ഞങ്ങൾക്ക് പിതാവായിട്ടുണ്ട് എന്ന് ഉള്ളിൽ അഭിമാനിച്ചുകൊണ്ട് നടക്കുന്ന ജനസാമാന്യത്തെ നോക്കി താൻ ഗർജ്ജിക്കുന്നത് നിങ്ങൾ അബ്രഹാമ്യ സന്താനങ്ങളല്ല ഹവ്വായേ ചതിച്ച പഴയ പാമ്പിന്റെ മക്കൾ! അതേ വക്രതയിൽ ചരിക്കുന്ന തലമുറ ആകുന്നു എന്നത്രേ. യിസ്രായേൽ കന്യകയുടെ രോഗം നിസ്സാരമെന്നു കള്ളപ്രവാചകന്മാർ വിധിച്ചപ്പോൾ സത്യപ്രവാചകൻ പറഞ്ഞതോ അയ്യോ അടിതൊട്ടു മുടിവരെ ഒരു സൗഖ്യവുമില്ല എന്നാണ്. യോഹന്നാന്റെ ആദ്യത്തെ വിജയം ഒരുത്തന്റേയും മുമ്പിൽ കൂസാത്ത ദൈവത്തോടുമാത്രം കടപ്പാടുള്ള തന്റെ കൊടിമരം പോലെ ഉയർന്നുനിൽക്കുന്ന വ്യക്തിത്വമാണ്. അടുത്തത് പ്രശ്നങ്ങളെ നിറം കൊടുക്കാതെ തനിരൂപത്തിൽ കണ്ടറിഞ്ഞ് തക്ക പരിഹാരം വിട്ടുവീഴ്ചയെന്യേ വിധിക്കുന്ന തന്റെ തീരുമാന ശക്തിയുമാണ്. കൂടിവരുന്ന ജനത്തെ തഴുകി വിടുന്ന പ്രസംഗമല്ല. ഒരു ആത്മീയ ശസ്ത്രക്രിയതന്നെയാണ് തന്റെ ശുശ്രൂഷ. എന്നെ നോക്കേണ്ട എന്റെ പ്രസംഗം കേട്ടാൽമതി എന്ന് ജീവിതമില്ലാത്ത അനേകർ കാപട്യം പുലമ്പുന്നതുപോലെയല്ല താൻ തന്നെ തന്റെ സന്ദേശമായി നിലകൊള്ളുകയാണ്. അയൽക്കാരന്റെ നടപ്പാതയിൽ ഞെരിഞ്ഞിൽ മുള്ള് വാരിവിതറിയിട്ട് സ്നേഹത്തെക്കുറിച്ച് പ്രബന്ധമെഴുതി ഡോക്ടറേറ്റു എടുക്കുന്ന ഒരു പണ്ഡിതനെ സങ്കൽപ്പിക്കുക. സ്നേഹത്തിനു ഗ്രീക്കിലും, ലത്തീനിലും മറ്റുമുള്ള മൂലപദം അയാൾ കണ്ടുപിടിച്ചിരിക്കുന്നു. സ്നേഹത്തിന്റെ ഒത്തുവാക്യങ്ങൾ അയാൾ നിരത്തുന്നു. പക്ഷേ സ്നേഹത്തിൽനിന്ന് എത്രയോ അകലെയാണ്. ലോകത്തിനും ജഡത്തിനും പിശാചിനും പിടികൊടുക്കാതെ മോശയെപ്പോലെ സ്വന്ത കുടുംബത്തിന്റെ മായാവലയത്തിൽ നിന്നുപോലും അകലം സ്വീകരിച്ചുകൊണ്ട് ദൈവത്തോടുകൂടെ തനിച്ചിരിക്കുന്ന ഒരു കാന്തശക്തിയുള്ള വ്യക്തിത്വത്തിനു മാത്രമേ (Magnetie Personality) ലോകത്തെ ആകർഷിക്കാൻ കരുത്തുള്ളു. ശനിയാഴ്ച രാത്രിവരെ ഇടവകക്കാരുടെകൂടെ കുടിച്ചും ചീട്ടുകളിച്ചും ഇരുന്നശേഷം ഞായറാഴ്ച ഇട്ടുകെട്ടി തിരിഞ്ഞുനിന്ന് നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ എന്നുപറയുന്ന ഒരു മനുഷ്യൻ. ഇങ്ങനെയുള്ളവർ സമൂഹത്തെ എങ്ങനെ നയിക്കും. കരയിൽ നിൽക്കുന്ന താപ്പാനക്കുമാത്രമേ കുഴിയിൽ കിടക്കുന്ന ആനയെ കരകയറ്റാൻ കഴിയൂ. ഇതു സകല ശുശ്രൂഷകന്മാരും വിശിഷ്യ ഓർത്തിരിക്കട്ടെ.

യോഹന്നാൻ ജനത്തോടു ചോദിക്കുകയാണ്. ആസന്നമായ ദൈവകോപത്തെ സൂത്രത്തിൽ ഒഴിഞ്ഞുപോകുവാൻ ആരാണ് നിങ്ങൾക്ക് കുറുക്കുവഴി ഉപദേശിച്ചുതന്നതെന്ന്. അതേ തലമുറയുടെ മുമ്പിൽ ദൈവകോപം വാളേന്തി നിൽക്കുന്നു. വ്യവസ്ഥപ്രകാരം അനുതപിച്ച് നിരപ്പുപ്രാപിച്ച് രക്ഷനേടുകയല്ലാതെ മറ്റു പോംവഴിയില്ല. ഉപദേശം കുറയ്ക്കാത്ത യോഹന്നാൻ സ്നാപകൻ. ഇന്ന് അനേകരും ഉപദേശം ലഘൂകരിക്കയാണ്. എത്ര സങ്കടം! യോഹന്നാന്റെ പ്രസംഗം ന്യായവിധി ഓർപ്പിച്ചുകൊണ്ടുള്ളതാണ്. ദൈവത്തിന്റെ കോടാലി ജീവിവൃക്ഷങ്ങളുടെ നേരെ ഓങ്ങുന്ന കാഴ്ച അദ്ദേഹം ഉഗ്രമായി വിളിച്ചറിയിച്ചു. ഇന്നെത്ര ക്രിസ്തീയ നേതാക്കൾ ന്യായവിധി പ്രസംഗിക്കും. അല്ല അവർ തന്നെ ഭയംകൊണ്ട് ആവിഷയം തൊടാതെ വിടുകയാണ്. പക്ഷേ യോഹന്നാനു അതു സാധ്യമല്ല.

ഒട്ട[illegible]ലായി കർത്താവിനായി വഴി ഒരുക്കുന്ന യോഹന്നാൻ പോയിന്റുകൾ ഒപ്പിക്കുന്ന ഒരു മനോഹര പ്രസംഗം അവതരിപ്പിക്കുകയല്ല. പ്രത്യുത സൃഷ്ടിപരമായ പരിവർത്തനങ്ങൾ ആവശ്യപ്പെടുകയാണ്. അനുതപിക്കുവിൻ, ഉന്നതഭാവം നീങ്ങട്ടെ, കൃത്യവിലോപത്തിന്റെ കുഴികൾ നികന്നുവരട്ടെ. വക്രഗതികൾ നേരെയാകട്ടെ—അതേ അതിൽ കുറ-

MGM Ministries-Article Source: Uthaya Nakshatram – Sep 1981, Vol. 12 No.12, Page 3-7

ഞ്ഞ യാതൊന്നും ഇന്നും മതിയാകുന്നില്ല. പടയാളികളോട് നിങ്ങൾ ശമ്പളം കൊണ്ട് തൃപ്തരാകണമെന്നും, പിടിച്ചുപറിക്കരുതെന്നും, ചുങ്കം പിരിവുകാരോട് നിർദ്ദിഷ്ട സംഖ്യയിലധികം പിരിക്കരുതെന്നും സാമ്പത്തികനീതി പ്രസംഗിച്ച യോഹന്നാൻ ഇന്നത്തെ ക്രൈസ്തവസമൂഹത്തെ കണ്ടിരുന്നെങ്കിൽ!!

പ്രിയ വായനക്കാരേ, യേശു വീണ്ടും വരുന്നു. വീശുമുറം കൈയ്യിലുണ്ട്. പതിരും മണിയും തിരിക്കാൻ നേരമായി. തിരിക്കുക മാത്രമല്ല പതിർ അഗ്നികുണ്ഡത്തിൽ എറിയാനും സമയമടുത്തു. തലമുറയേ ഞെട്ടിയുണരുക. പ്രപഞ്ചത്തിന്റെ സമാപനനിമിഷങ്ങൾ എത്തിയിരിക്കുന്നു. നിത്യത മറമാറിവെളിപ്പെടാൻ പോകുന്നു. സാമാന്യ മനുഷ്യരുടെ ഇടയിൽ ഉരുണ്ട് പെരണ്ട് ചൈതന്യമില്ലാതെ കഴിഞ്ഞുകൂടിയിട്ട് ഞായറാഴ്ച കഷ്ടിച്ചു് തിരിഞ്ഞു നിന്ന് പ്രസംഗിച്ച് കിട്ടിയതുമായി സ്ഥലം വിടുന്ന അർദ്ധ ജീവന്മാരായ ശുശ്രൂഷകന്മാർ ജനമഹാസമുദ്രത്തിൽ ഒരു ചെറുകമിളപോലും ഉയർത്തുകയില്ല. മുൾപ്പടർപ്പുദർശിച്ച മോശെ, സ്വർഗ്ഗീയ ദർശനം കണ്ട പൗലോസ്, മിദ്യാന്യർക്ക് ഒരു ഗോതമ്പുമണി പോലും വിട്ടുകൊടുക്കാത്ത ഗിദയോൻ, രാജകൊട്ടാരത്തിനു നേരേ വിരൽ ചൂണ്ടുന്ന ഏലിയാവ്, പൊത്തീഫറിന്റെ ഭാര്യയുടെ ശൃംഗാരചേഷ്ടകളെ സർപ്പവിഷം പോലെ ഭയന്നൊഴിഞ്ഞ യൗസേഫ്, ബാബിലോന്യ സാമ്രാജ്യശക്തിയെ വിശുദ്ധജീവിതത്താലും ഉപവാസ പ്രാർത്ഥനയാലും കുത്താടിച്ച ദാനിയേൽ തുടങ്ങിയവർ മടങ്ങിവന്നെങ്കിൽ! അതേ ജനകോടികൾ നശിക്കുന്നു. ചൂളപോലെ കത്തുന്ന ദിവസം വരുന്നു. വായനക്കാരേ നിങ്ങൾ മനം ഉരുകി പ്രാർത്ഥിക്കുവിൻ! ദൈവമേ! പ്രതിഷ്ഠയുള്ള യോഹന്നാൻ സ്നാപകന്മാരേ ഞങ്ങൾക്കായി അയച്ചുതരണമേ എന്ന്. അത്രമാത്രം ലോകം ആവശ്യത്തിന്റെ വക്കിൽ എത്തിയിരിക്കുന്നു. നിങ്ങൾ പ്രാർത്ഥിക്കുമോ?

റവ: പി. ഐ. ഏബ്രഹാം